കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ കോർപ്പറേഷനിലെ വടക്കേച്ചിറ ബസ് സ്റ്റാന്റ് നവീകരണം - കൗൺസിൽ തീരുമാനം - അംഗീകാരം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.95/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 09.01.2018.

വായന: - 1. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ11/10/2017 ലെ കൗൺസിൽ യോഗത്തിന്റെ 42 ാം നമ്പർ തീരുമാനം.

2. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 25/10/2017, 02/11/2017 എന്നീ തീയതികളിലെ DW6/31913/16 നമ്പർ കത്തുകൾ.

3. നഗരകാര്യ ഡയറക്ടറുടെ 06/12/2017 ലെ ജി3-34922/2017 ാം നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ കോർപ്പറേഷനിലെ വടക്കേച്ചിറ ബസ് സ്റ്റാന്റ് നവീകരണം നടത്തുന്ന പ്രോജക്ട് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സി.എസ്.ആർ പദ്ധതിയിലുൾപ്പെടുത്തി അഞ്ച് കോടി അറുപത് ലക്ഷം രൂപയ്ക്ക് പന്ത്രണ്ട് മാസത്തിനകം പൂർത്തീകരിക്കുന്നതിനായുള്ള നിബന്ധനകൾ നഗരാസൂത്രണ സ്ഥിരം സമിതി പരിശോധിച്ച് നഗരസഭാ കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്യുകയും ടി കൗൺസിലിലെ ഇരുപത് അംഗങ്ങൾ ടി വിഷയത്തിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയതായും ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് സർക്കാർ അനുമതി നല്കണമെന്നും വായന (1) ലെ കൗൺസിൽ യോഗത്തിന്റെ തീരുമാനം ഉൾപ്പെടുത്തി വായന (2) മുഖേന തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ടി വിഷയം സംബന്ധിച്ച കൗൺസിൽ യോഗത്തിൽ അൻപത്തി നാല് കൗൺസിലർമാർ പങ്കെടുത്തതായും ആയതിൽ മുപ്പത്തിമൂന്ന് കൗൺസിലർമാർ അനുകൂലിച്ചതായും ആകയാൽ ടി വിഷയത്തിന് കൗൺസിൽ യോഗത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതായും നഗരസഭ സെക്രട്ടറി ടി വിഷയത്തിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ലായെന്നും വായന (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ കോർപ്പറേഷനിലെ വടക്കേച്ചിറ ബസ് സ്റ്റാന്റ് നവീകരണം നടത്തുന്ന പ്രോജക്ട് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സി.എസ്.ആർ പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതുമൂലം കോർപ്പറേഷന് യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടാകില്ലായെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
സെക്രട്ടറി/മേയർ, തൃശ്ശൂർ കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ , തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ്) വകുപ്പ്, ഡിബി2/351/17
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ